പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3083

20/06/2014-ൽ മറുപടിക്ക്

# വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുരളീധരൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അവിടെനിന്ന് ശാസ്തമംഗലം, പേരൂർക്കട, വഴയില എന്നിവിടങ്ങളിലേക്കുള്ള റോഡുകളുടെയും വികസനം തലസ്ഥാന നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്. വട്ടിയൂർക്കാവ് ജംഗ്ഷനെ ബന്ധിപ്പിക്കുന്ന വട്ടിയൂർക്കാവ്-ശാസ്തമംഗലം, വട്ടിയൂർക്കാവ്- വഴയില, വട്ടിയൂർക്കാവ്-പേരൂർക്കട എന്നീ മൂന്ന് റോഡുകൾ വികസിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 21 മീറ്റർ വീതിയിൽ അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിരുന്നു. ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കുന്നതെന്നും ഫണ്ട് ഏതുരീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ; | (സി) | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിനു ശേഷമേ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കാൻ കഴിയുകയുള്ളൂ. പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ഡി) പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര സമയം വേണ്ടി വരും; | (ഡി) | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കിയ ശേഷം മാത്രമേ പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ കഴിയൂ. സ്ഥലം ലഭ്യമായാൽ ഏകദേശം 18 മാസം കൊണ്ട് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു. |
| (ഇ) പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുമോ? | (ഇ) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ